

ഒരുവിഭാഗത്തെ ദീവന്നാസിയോസുമായി തെറ്റിച്ച് അവരെ കയ്യിലെടുക്കാം എന്ന് ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരും കരുതി. ഈ പ്രതിസന്ധികളെയെല്ലാം ഒരുപോലെ തരണംചെയ്യാൻ ദീവന്നാസിയോസിന് സാധിച്ചു.

ഇതിനിടെ ഇവിടെ ഉണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരിൽ മാർ ഗ്രിഗോറിയോസ് 1772-ലും മാർ ഈവാനിയോസ് 1794-ലും നിര്യാതരായി. മാർ ഗ്രിഗോറിയോസിനെ മുളന്തുരുത്തി പള്ളിയിലും മാർ ഈവാനിയോസിനെ ചെങ്ങന്നൂർ പള്ളിയിലും സംസ്ക്കരിച്ചു. ഇവർ രണ്ടുപേരും നിര്യാതരായശേഷം മാർ ദീവന്നാസിയോസ് തന്റെ അനന്തരവനെ പിൻഗാമിയായി മാർത്തോമ്മാ ഏഴാമൻ എന്ന പേരിൽ 1796-ൽ വാഴിച്ചു. ഇവിടെ ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങൾ ഉണ്ട്. ഒന്ന് പിൻഗാമിയെ വാഴിക്കുവാൻ അന്ത്യോഖ്യൻ മെത്രാന്മാർ നിര്യാതരാകുന്നതുവരെ കാത്തിരുന്നു. മാർത്തോമ്മാ അഞ്ചാമനും താൻ തന്നെയും ആദ്യം വാഴിക്കപ്പെട്ടതിനെ അന്ത്യോഖ്യൻ പാത്രിയർക്കീസുമാർ ചോദ്യം ചെയ്തുവെന്നും അതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടായി എന്നും താൻ ദീവന്നാസിയോസ് എന്ന പേരിൽ രണ്ടാമത് വാഴിക്കപ്പെട്ടു എന്നും ഒക്കെ ദീവന്നാസിയോസിന് അറിയാമായിരുന്നു. എങ്കിലും അതിനെ ഒക്കെ അവഗണിച്ചുകൊണ്ടാണ് ദീവന്നാസിയോസ് അന്ത്യോഖ്യൻ മെത്രാന്മാരുടെ സാന്നിധ്യമോ സഹകരണമോ ഇല്ലാതെയും പാത്രിയർക്കീസിന്റെ അനുവാദത്തിന് കാത്തിരിക്കാതെയും സ്വന്തമായി അനന്തിരവനെ മെത്രാനായി വാഴിച്ചത്. പിൻഗാമിക്ക് മാർത്തോമ്മാ എന്ന പേരു നൽകി എന്നതാണ് രണ്ടാമത്തെ പ്രധാന സംഗതി. തലമുറകളായി മലങ്കര മെത്രാന്മാരും അർക്കദിയാക്കോന്മാരും ഉപയോഗിച്ചുവന്നിരുന്ന മാർത്തോമ്മാ നാമം ഇല്ലാതെ ആക്കുവാനാണ് പാത്രിയർക്കീസന്മാരും അന്ത്യോക്യൻ മെത്രാന്മാരും ശ്രമിച്ചത്. ദീവന്നാസിയോസ് അതിനെ ശക്തിയുക്തം എതിർത്തു. അവസരം കിട്ടിയപ്പോൾ ശക്തമായി പ്രതികരിച്ചു. പിന്നീട് പകലോമറ്റം കുടുംബത്തോടുള്ള എതിർപ്പ് സമുദായത്തിനുള്ളിൽ ശക്തമാകുകയും പുലിക്കോട്ടിൽ ദീവന്നാസിയോസ് അന്നുണ്ടായിരുന്ന സഭാനേതൃത്വത്തെ ധിക്കരിച്ച് സി.എം.എസുകാരെ കൂട്ടു പിടിച്ച് പട്ടമേൽക്കുകയും ചെയ്തപ്പോഴാണ് ദീവന്നാസിയോസ് എന്ന പേര് മലങ്കരയിൽ വീണ്ടും സ്ഥാപിക്കപ്പെട്ടത്.

ദീവന്നാസിയോസിന് സ്ഥാനം നൽകിയ ഗ്രിഗോറിയോസ് കൊച്ചിയിലേക്ക് താമസം മാറ്റി. അവിടെയിരുന്നുകൊണ്ട് മലങ്കരസഭയെ വിഭജിക്കുവാനുള്ള തന്ത്രം അദ്ദേഹം മെനഞ്ഞു. 1772-ൽ കാട്ടുമങ്ങാട്ട് കുര്യൻ റമ്പാനെ മാർ ദീവന്നാസിയോസിന്റെ അറിവോ സമ്മതമോ ഇല്ലാതെ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. മാർ ദീവന്നാസിയോസ് തിരുവിതാംകൂർ സർക്കാരിൽനിന്ന് അടിയറ തീർത്ത് അധികാരം പ്രാപിച്ചിരുന്ന ആളായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശക്തിക്ക് എതിരായി നിൽക്കാൻ കാട്ടുമങ്ങാട്ട് കൂറിലോസിന് സാധിച്ചില്ല. ദീവന്നാസിയോസിന്റെ സ്വാധീനം മൂലം കാട്ടുമങ്ങാട്ട് കൂറിലോസിനെ ബ്രിട്ടീഷ് മലബാറിലേക്ക് സർക്കാർ നാടുകടത്തി. തോഴിയൂർ ദേശത്ത് ചെന്ന മാർ കൂറിലോസ് 1774 ഇടവം 15-ാം തീയതി അവിടെ ഒരു പള്ളി സ്ഥാപിക്കുകയും മെത്രാൻ എന്ന നിലയിൽ ജീവിതം നയിക്കുകയും ചെയ്തു. മാർ ദീവന്നാസിയോസ് ശക്തമായി പ്രതികരിച്ച് മാർ കൂറിലോസിനെ നാടുകടത്തിയില്ലായിരുന്നുവെങ്കിൽ മലങ്കരസഭ അന്ന് വിഭജിതമാകുമായായിരുന്നു. ഒരുഭാഗം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പൂർണ്ണഅധികാരത്തിൽ വരികയും ചെയ്യുമായിരുന്നു. മാർ ദീവന്നാസിയോസിന്റെ ജീവിതത്തിൽ ആറ് പ്രധാന സംഭവങ്ങൾ ഉണ്ടായിരുന്നു. ***ഒന്നാമത്*** മലങ്കരസഭയുടെ സ്വകീയസ്വാതന്ത്ര്യവും പാരമ്പര്യവും നിലനിർത്തി ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരെ അവഗണിച്ച് മുൻഗാമിയായിരുന്ന മാർത്തോമ്മാ അഞ്ചാമനിൽനിന്നും മാർത്തോമ്മാ ആറാമൻ എന്ന പേരിൽ സ്ഥാനമേറ്റു. ***രണ്ടാമത്*** അദ്ദേഹത്തിന് റോമാക്കാരിൽനിന്നും അന്ത്യോഖ്യക്കാരിൽനിന്നും ഉണ്ടായ സമ്മർദ്ദത്തിന്റെയും മലങ്കരസഭയ്ക്കുള്ളിൽതന്നെ ഉരുത്തിരിഞ്ഞുവന്ന സഭാഭിന്നതയുടേയും പശ്ചാത്തലത്തിൽ അന്ത്യോഖ്യാക്കാരുമായി ഒത്തുതീർപ്പ് ഉണ്ടാക്കുകയും അവരിൽനിന്ന് രണ്ടാമത് പട്ടമേൽക്കുകയോ സ്ഥാനസ്ഥിരീകരണം പ്രാപിക്കുകയോ ചെയ്യേണ്ടിവന്നു. ***മൂന്നാമത്*** റോമൻ - അന്ത്യോഖ്യൻ സമ്മർദ്ദത്തിന്റെ പശ്ചാത്തലത്തിലും രണ്ടായി വിഘടിച്ചുനിന്ന മലങ്കരസഭയിലെ ഇരുവിഭാഗങ്ങളെയും ഒന്നാക്കണമെന്നുള്ള അടങ്ങാത്ത ആഗ്രഹത്തിന്റെ ഫലമായും അന്ത്യോഖ്യൻ പിതാക്കന്മാരുടെ ശല്യം സഹിക്കാൻ വയ്യാതെ അതിൽനിന്ന് രക്ഷപെടുവാൻ വേണ്ടിയും അദ്ദേഹം റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. ***നാലാമത്*** മലങ്കര സഭയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യം റോമാക്കാർക്ക് അടിയറ വെച്ചതിലുള്ള വലിയ മാനസിക സംഘർഷം മൂലം അദ്ദേഹം റോമൻ കത്തോലിക്കാ സഭാബന്ധം ഉപേക്ഷിച്ച് മലങ്കര സഭയിലേക്ക് തിരിച്ചു പോന്നു.

***അഞ്ചാമത്*** ആദ്യം അന്ത്യോഖ്യക്കാരുമായും പിന്നീട് റോമാക്കാരുമായും ഒത്തുതീർപ്പുണ്ടാക്കി. എങ്കിലും സഭാസ്വാതന്ത്ര്യം ആരുടേയും മുന്നിൽ അടിയറ വെയ്ക്കുവാൻ അദ്ദേഹം തയ്യാറായില്ല. ആരുടേയും സമ്മതം ചോദിക്കാതെയും ആരുടേയും അനുവാദത്തിന് കാത്തിരിക്കാതെയും 1796-ൽ പിൻഗാമിയെ സ്വന്തം നിലയിൽ വാഴിച്ചു. മാർത്തോമ്മാ ഏഴാമൻ എന്ന പേരും നൽകി. ***ആറാമത്*** മലങ്കരസഭയെ കീഴ്പ്പെടുത്തുവാനുള്ള അന്ത്യോഖ്യൻ മെത്രാന്മാരുടെ ശ്രമത്തെ മാർ ദീവന്നാസിയോസ് എതിർത്ത് പരാജയപ്പെടുത്തി. അതോടൊപ്പം കാട്ടുമങ്ങാട്ടെ മെത്രാനെ വാഴിച്ച് മലങ്കരസഭയെ വിഭജിച്ച് ഭരിക്കുക എന്ന അന്ത്യോഖ്യൻ മെത്രാന്മാരുടെ തന്ത്രത്തേയും ദീവന്നാസിയോസ് പരാജയപ്പെടുത്തി. കാട്ടുമങ്ങാട്ട് മെത്രാനെ തോഴിയൂരേക്ക് നാടുകടത്തി. മാർ ദീവന്നാസിയോസ് എല്ലാ അർത്ഥത്തിലും മഹാനായിരുന്നു; വലിയവനായിരുന്നുവെന്ന് ചരിത്രകാരന്മാർ എല്ലാവരും സമ്മതിക്കുന്നു. റോയൽകോർട്ട് ജഡ്ജുമെന്റിൽ മഹാൻ അല്ലെങ്കിൽ വലിയ എന്ന സ്ഥാനം അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. ചെറിയപള്ളികേസിൽ ഹൈക്കോടതിയിൽ നിന്നുണ്ടായ മൈനോരിറ്റി ജഡ്ജുമെന്റ് എഴുതിയ ജസ്റ്റിസ് ഹും ദീവന്നാസിയോസിന്റെ മഹാൻ എന്ന സ്ഥാനം അംഗീകരിച്ചിട്ടുണ്ട്. "സുദീർഘവും മഹിമയേറിയതുമായ അദ്ദേഹത്തിന്റെ ഭരണകാലം 1808 മീനം 25-ാം തീയതി എൺപതാമത്തെ വയസ്സിൽ അവസാനിച്ചു. അദ്ദേഹം പണിയിച്ച പുത്തൻകാവ് പള്ളിയിൽതന്നെ അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് കബറടക്കുകയും ചെയ്തു".

## മാർത്തോമ്മാ എട്ടാമൻ

എട്ടാം മാർത്തോമ്മായുടെ സ്ഥാനാരോഹണം മുതൽ കബറടക്കം വരെ പല വിവാദങ്ങളുമുണ്ടായിട്ടുണ്ട്. എങ്കിലും മലങ്കരസഭാചരിത്രത്തിലെ നിർണ്ണായകമായ ഒരു രേഖ എട്ടാം മാർത്തോമ്മാ ചമച്ചതായുണ്ട്. പകലോമറ്റം കുടുംബത്തിൽപ്പെട്ടവരായിരുന്നു മാർത്തോമ്മാ മെത്രാൻ എന്നാൽ എട്ടാം മാർത്തോമ്മാ ദത്തു വഴി പകലോമറ്റം കുടുംബാംഗമായ ആളാണ്.

ഏഴാം മാർത്തോമ്മാ യുടെ നിര്യാണത്തെതുടർന്ന് എട്ടാം മാർത്തോമ്മാ സ്ഥാനമേറ്റു അദ്ദേഹത്തിന്റെ കുടുംബ -സ്ഥാന സാധുതകളെക്കുറിച്ചു തർക്കമുണ്ടായി. അദ്ദേഹത്തെ എതിർത്തുനിന്ന "നേതാക്കന്മാരുടെ കൂട്ടത്തിൽ വലിയ മാർ ദീവന്നാസിയോസ് റമ്പാൻ സ്ഥാനം കൊടുത്ത് കൂടെതാമസിപ്പിച്ചിരുന്ന കായംകുളം ഫിലിപ്പോസ് റമ്പാനും, കുന്നംകുളങ്ങര പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും പ്രധാനന്മാരായിരുന്നു"

ഏഴാം മാർത്തോമ്മായുടെ നാല്പതാംദിവസം അടിയന്തിരത്തിന് കണ്ടനാട് എത്തിച്ചേരാൻ ആവശ്യപ്പെട്ട് എട്ടാം മാർത്തോമ്മാ പള്ളികൾക്ക് കല്പന അയച്ചു. അടിയന്തിരത്തിനു സംബന്ധിക്കുവാൻ വന്ന ആളുകൾ 985 ചിങ്ങം ഒന്നാം തീയതി മാർത്തോമ്മാ എട്ടാമന്റെ അദ്ധ്യക്ഷതയിൽ കൂടി തുടർനടപടികൾ സംബന്ധിച്ച് കണ്ടനാട് പടിയോല എന്നറിയപ്പെടുന്ന ഒരു പടിയോല എഴുതി. ആ യോഗം മെത്രാന്റെ സ്ഥാനാരോഹണം സംബന്ധിച്ചുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കി യോജിച്ചു മുന്നോട്ടുപോകുന്നതിനായി കായംകുളം ഫിലിപ്പോസ് റമ്പാനെയും കുന്നംകുളം ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തെയും മെത്രാന്റെ കാര്യവിചാരക്കാരായി നിയമിക്കുകയും മെത്രാനെ മോതിരം ഇടുവിച്ച് ഔപചാരികമായി സ്വീകരിക്കുകയും ചെയ്തു. വൈദികസ്ഥാനാർത്ഥികളെ സുറിയാനിയും മറ്റും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും തെക്കും വടക്കും ഓരോ പഠിത്ത വീടുകൾ ഉണ്ടാക്കണമെന്നും, വിവരമുള്ള വൈദികരെ അവിടെ മല്പാന്മാരായി നിയമിക്കണമെന്നും മല്പാന്മാരെയും വിദ്യാർത്ഥികളുടെയും ചിലവ് പള്ളികളിൽനിന്നും വരിപ്പണം പിരിച്ചു നടത്തണമെന്നും ഉള്ള അതിപ്രധാനമായ ഒരു നിശ്ചയവും കണ്ടനാട്ട് ചേർന്ന യോഗം ചെയ്തു. മലങ്കര സഭയുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിയുള്ള ഈ തീരുമാനങ്ങൾക്ക് ചുക്കാൻപിടിച്ച ആളാണ് മാർത്തോമ്മാ എട്ടാമൻ. എട്ടാം മാർത്തോമ്മാ ഉപദേഷ്ടാക്കളുമായി യോജിച്ച് ഒന്നരവർഷം കാര്യങ്ങൾ നടത്തി. അതിനിടെ അവർതമ്മിൽ തെറ്റിപ്പിരിഞ്ഞു. ആ ഭിന്നത സഭ മുഴുവനും ബാധിച്ചു. ഇരുപക്ഷവും പരസ്പരം പോരാടി; വാദപ്രതിവാദങ്ങൾ നടത്തി. മാർത്തോമ്മാ എട്ടാമനും പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാനുമായിരുന്നു ഇരുവിഭാഗത്തിന്റെയും പ്രധാന നേതൃത്വം. പരാതിയുമായി ഇരുകൂട്ടരും ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മക്കാളെയെ സമീപിച്ചു.

മെത്രാനുമായി എതിർത്തുനിന്ന റമ്പാന്മാർക്കു പിൻബലം നൽകിയ കുന്നംകുളം, കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാശ്ര തുടങ്ങിയ പ്രദേശങ്ങളിലെ നസ്രാണികൾ റസിഡന്റിനെ സമീപിച്ചു മെത്രാന്റെ ഭരണത്തിലും നടപടികളിലും ഉള്ള വൈകല്യങ്ങൾ എടുത്തുകാട്ടി

വൈദേശിക ആധിപത്യത്തിനെതിരെ ശക്തമായ നിലപാടുകൾ എടുത്ത് മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി ജീവിതാവസാനം വരെ പോരാടിയ രണ്ട് പിതാക്കന്മാരാണ് മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും.




പുത്തൻകാവ് പള്ളിയുടെ വിശുദ്ധ മദ്ബഹായുടെ തെക്കു വശത്ത് സ്ഥിതി ചെയ്യുന്ന 8-ാം മർത്തോമ്മായുടെ കബറിടം

പരാതി സമർപ്പിച്ചു. ഭരണാധിപനായ മെത്രാന്റെ ആജ്ഞ അവഗണിച്ചു പ്രവർത്തിക്കുന്നു എന്ന് റമ്പാന്മാരുടെ പേരിൽ മറുപക്ഷവും പരാതിപ്പെട്ടു. നേതൃസ്ഥാനം ഇട്ടൂപ്പു റമ്പാനായിരുന്നതുകൊണ്ട് അദ്ദേഹത്തെപ്പറ്റിയാണ് പരാതിയിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നത്. കേണൽ മക്കാളെ മാറിപ്പോകുന്നതുവരെ അദ്ദേഹം ഇക്കാര്യത്തിൽ നടപടി നടത്തിയില്ല. പകരം വന്ന കേണൽ മൺട്രൊ നസ്രാണികളുടെ ജാതിമര്യാദ അനുസരിച്ച് കാര്യങ്ങൾ നടത്തുന്നതിനു വേണ്ടത് ചെയ്യണമെന്ന് ഇരു ഭാഗക്കാരോടും ആവശ്യപ്പെട്ടു. പലയിടങ്ങളിലും വാദപ്രതിവാദങ്ങളും ഹർജിവിചാരണകളും ഉണ്ടായെങ്കിലും തീരുമാനമായില്ല. പ്രശ്നം മദ്രാസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അവർ മലങ്കരസഭയുടെ ചരിത്രം, ഭരണം, നടപടികൾ, ത്രാണനം (രക്ഷിക്കൽ) മുതലായവയെ സംബന്ധിച്ച് പതിനേഴ് ചോദ്യങ്ങൾ മെത്രാന്റെ പേർക്കെഴുതി ഉത്തരം ആവശ്യപ്പെട്ടു. ഈ ചോദ്യങ്ങൾക്ക് മാർത്തോമ്മാ എട്ടാമൻ നൽകിയ മറുപടിയാണ് മലങ്കരസഭയെ സംബന്ധിച്ചുള്ള ഒരു പ്രധാന രേഖ. ഇ.എം. ഫീലിപ്പോസ് എഴുതിയ മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ എന്ന പുസ്തകത്തിൽ ഇത് സംബന്ധിച്ച് വിശദമായി രേഖപ്പെടുത്തിയിട്ടുള്ളത് അല്പം ഉദ്ധരിക്കാം. ഒടുവിലത്തെ ചോദ്യം പകലോമറ്റം തറവാടിന്റെ പുരാതനത്വത്തെപ്പറ്റിയായിരുന്നു. അതിനു മറുപടിയായി "ക്രിസ്താബ്ദം 345 മുതൽ 1308 സംവത്സരങ്ങളോളം സുറിയാനിസഭയെ ഭരിച്ചിട്ടുള്ള അർക്കദിയാക്കോന്മാരെല്ലാം ആ കുടുംബത്തിലെ അംഗങ്ങളായിരുന്നു വെന്നും പോർട്ടുഗീസുകാരുടെ കാലത്തിനുശേഷം പ്രസ്തുത കുടുംബത്തിൽ എഴുത്തുകാരനെക്കൂടാതെ ആറു മെത്രാന്മാരും ഒരു മെത്രാപ്പോലീത്തായും (മാർ ദീവന്നാസിയോസ്) ഉണ്ടായിരുന്നുവെന്നും എഴുതിയിരിക്കുന്നു".

ഈ മറുപടിക്കത്ത് മലങ്കരസഭയെ സംബന്ധിച്ചും, കേരളത്തിൽ മലങ്കരസഭയുടെ അന്നത്തെ നിലയെ സംബന്ധിച്ചും അറിവുകൾ പ്രദാനം ചെയ്യുന്നതാണത്. 345 മുതൽ കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനത്തിലായിരുന്നു മലങ്കരസഭയെന്ന മാർത്തോമ്മാ എട്ടാമന്റെ പ്രസ്താവന മലങ്കരസഭയിലെ പൗരോഹിത്യ അധികാരസ്ഥാപനത്തിന്റെ ചരിത്രപരമായ വളർച്ച വെളിവാക്കുന്നതാണ്. അതേപോലെ റോമ്മാസാമ്രാജ്യത്തിലെ സഭകളിൽ കേന്ദ്രീകൃതമായ ഒരു ഭരണക്രമം ഉരുത്തിരിഞ്ഞുവന്ന നാലാം നൂറ്റാണ്ടിൽതന്നെ മലങ്കരയിലും അർക്കദിയാക്കോൻ കേന്ദ്രീകൃതമായ ഒരു ഭരണം ഉണ്ടായിവന്നുവെന്ന മാർത്തോമ്മാ എട്ടാമന്റെ പ്രസ്താവന മലങ്കരസഭയുടെ സ്വാതന്ത്ര്യം വെളിപ്പെടുത്തുന്നതാണ്. ജോസഫ് റമ്പാന്റെ അനുകൂലി ആയിരുന്ന തോഴിയൂരെ മാർ പീലക്സിനോസ് 1813-ൽ തൃശൂർ വെച്ച് കേണൽ മൺട്രോയെ സന്ദർശിച്ചതോടുകൂടി എട്ടാം മാർത്തോമ്മായും റമ്പാനും തമ്മിലുള്ള അഭിപ്രായഭിന്നത അതിന്റെ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു. എല്ലാ പള്ളികളുടെയും പ്രതി പുരുഷന്മാർ കൊല്ലത്തുവന്ന് തന്നെ കാണണമെന്ന് റസിഡന്റ് ഒരു നോട്ടീസ് അയക്കുകയും മെത്രാന്റെ അധികാരപത്രങ്ങളും സ്വത്തുക്കളും കൈവശപ്പെടുത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്തു. ഒരു നാമമാത്ര അന്വേഷണാനന്തരം മാർത്തോമ്മാ എട്ടാമന്റെ സ്ഥാനം വ്യർത്ഥമാണെന്ന് റസിഡന്റ് വിധിക്കുകയും അന്ത്യോഖ്യയിൽനിന്ന് ശരിയായ കൈവെപ്പ് ലഭിക്കുന്നതുവരെ മെത്രാൻ സ്ഥാനോചിത ഭരണം നടത്താൻ പാടില്ലെന്ന് വിരോധിക്കുകയും ഖജനാവിൽനിന്ന് വരേണ്ടിയിരുന്ന പലിശ കൊടുക്കുകയില്ലായെന്ന് അറിയിക്കുകയും ചെയ്തു. എട്ടാം മാർത്തോമ്മാ തന്റെ പിൻഗാമിയായി ഒൻപതാം മാർത്തോമ്മായെ വാഴിച്ചശേഷം 1816 മീനം 12-ാം തീയതി തന്റെ ക്ലേശഭൂയിഷ്ഠമായിരുന്ന ഐഹികവാസം ത്യജിച്ചു. നിരണ ത്തുവെച്ചു കാലംചെയ്ത അദ്ദേഹത്തെ പുത്തൻകാവിൽ അടക്കി.

### ഉപസംഹാരം

വൈദേശിക ആധിപത്യത്തിനെതിരെ ശക്തമായ നിലപാടുകൾ എടുത്ത് മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി ജീവിതാവസാനം വരെ പോരാടിയ രണ്ട് പിതാക്കന്മാരാണ് മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും. മലങ്കര സഭയിൽതന്നെ ഉണ്ടായിരുന്ന കുടുംബവഴക്കുകളും അന്തഃഛിദ്രങ്ങളും ഇവരുടെ ജീവിതങ്ങൾ കൂടുതൽ ക്ലേശഭൂയിഷ്ഠമാക്കി. എങ്കിലും സഭയുടെ മൊത്തത്തിലുള്ള സ്വാതന്ത്ര്യവും പുരോഗതിയും മാത്രമായിരുന്നു ഈ പിതാക്കന്മാരുടെ ലക്ഷ്യം. അവരെ അറിഞ്ഞ് ആദരിക്കുവാൻ മലങ്കരസഭയ്ക്ക് സാധിക്കണം.



മലങ്കരസഭയുടെ
പരിശുദ്ധ കാതോലിക്കായ്ക്ക് മാത്രം
ഇരിക്കാൻ അധികാരമുള്ള
പതിറ്റാണ്ടുകൾ പഴക്കമുള്ള
പുത്തൻകാവ് കത്തീഡ്രലിലെ
സിംഹാസന കസേര

# മാർ അന്ത്രയോസ് ബാവ
# പുത്തൻകാവിന്റെ കാവൽ പിതാവ്



കെ.കെ. ഏബ്രഹാം
പാങ്കാവിൽ

323 വർഷങ്ങളായി പുത്തൻകാവ് ദേശം ആചരിക്കുന്ന പെരുന്നാളാണ് വിശുദ്ധ അന്ത്രയോസ് ബാവായുടെ ശ്രാദ്ധപ്പെരുന്നാൾ ആയിരങ്ങൾ പങ്കെടുക്കുന്ന വെച്ചൂട്ടും രണ്ടു ദിവസങ്ങളായി നടക്കുന്ന "റാസ"യും ഈ നാടിനെ വിശുദ്ധ അന്ത്രയോസ് ബാവായുടെ സ്മരണകളാൽ നിറയ്ക്കുന്നു. റാസയ്ക്ക് മുത്തുക്കുട, കൊടി, കുരിശ് എന്നിവ എടുക്കുന്നത് ഭക്തജനങ്ങളുടെ നേർച്ചയാണ്. ജാതിമതഭേദമില്ലാതെ വെച്ചൂട്ടിന് പങ്കെടുക്കുയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്യുന്ന ആയിരങ്ങൾ വിശുദ്ധ അന്ത്രയോസ് ബാവായുടെ അനുഗ്രഹങ്ങൾ സാക്ഷിക്കുന്നവരാണ്. മശിഹാകാലം 1678-ൽ മാർ അന്ത്രയോസ് പാത്രിയർക്കീസ് കേരളത്തിൽ വന്നു എന്ന് "നിരണം ഗ്രന്ഥവരിയിലും, മലങ്കര നസ്രാണികൾ വാല്യം-3ൽ അന്ത്രയോസ് പാത്രിയർക്കീസ് എന്ന ഒരാൾ 1678-ൽ കേരളത്തിൽ വന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ അദ്ദേഹം താമസിച്ചിരുന്ന കാലത്ത് അവിടെ വി. കുർബ്ബാനയ്ക്ക് അദ്ദേഹം ഉപയോഗിച്ചിരുന്ന കാസായും, പീലാസായും ഇന്നും അവിടെ സൂക്ഷിക്കുന്നുണ്ട്. വലുപ്പത്തിൽ ചെറുതായതിനാൽ ഇതിനെ ശീമക്കാസാ എന്നാണ് അറിയപ്പെടുന്നത്. അത് പരിശുദ്ധ അന്ത്രയോസ് ബാവായുടെ ഓർമ്മപ്പെരുന്നാളായ കുംഭം 19-ന് വി. കുർബ്ബാനയ്ക്ക് ഇന്നും ഉപയോഗിക്കുന്നു.

ഇദ്ദേഹം മാർത്തോമ്മാ ശ്ലീഹായുടെ ഒരു ഉത്തമ ഭക്തനായിരുന്നു. വാർദ്ധക്യകാലത്ത് സിറിയായിൽ നിന്നും തോമ്മാശ്ലീഹായുടെ പ്രേഷിതസ്ഥലമായ കേരളത്തിൽ വളരെ ക്ലേശങ്ങൾ സഹിച്ച് പ്രേഷിതവേലയ്ക്ക് എത്തിച്ചേർന്നതിനാൽ അദ്ദേഹം ഒരു മാർത്തോമ്മാ ഭക്തനാണെന്ന് അനുമാനിക്കാം. കൂടാതെ മുളന്തുരുത്തി പള്ളിയിൽ അദ്ദേഹത്തിന് പള്ളിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ വന്നപ്പോൾ വാതിൽക്കൽ നിന്നുകൊണ്ട് "എന്റെ മാർത്തോമ്മാ വാതിൽ തുറ" എന്ന് ഉച്ചത്തിൽ മുട്ടി മൂന്നു തവണ വിളിച്ചപ്പോൾ വാതിൽ താനെ തുറന്നതിൽ നിന്നും അദ്ദേഹം ഒരു മാർത്തോമ്മ ഭക്തനാണെന്നു നിസ്സംശയം പറയാവുന്നതാണ്. സിറിയായിൽ നിന്നും വരുന്നവരെ ഏതുവിധേനയും കൊല്ലണമെന്നായിരുന്നു പോർട്ടുഗീസുകാരുടെ ലക്ഷ്യം. 1678-ൽ മാർ അന്ത്രയോസ് ബാവാ കേരളത്തിൽ വന്നത്. അതിനാൽ അദ്ദേഹവും വേഷംമാറിയാണ് ഇവിടെ സഞ്ചരിച്ചിരുന്നത്. മാർ അന്ത്രയോസ് ബാവാ സിറിയാക്കാരനാണെന്ന് ചരിത്രക്കുറുപ്പുകളിൽ കാണുന്നു. അദ്ദേഹം കൊച്ചി, മുളന്തുരുത്തി, കുറവിലങ്ങാട്, മണർകാട് എന്നീ പള്ളികൾ സന്ദർശച്ചതിനു ശേഷം പുത്തൻകാവിലെത്തി. അന്ന് പുത്തൻകാവിൽ പള്ളി ഇല്ലായിരുന്നു. പുത്തൻകാവ് പള്ളി 1793-ൽ ആറാം മാർത്തോമ്മയാണ് പണിയിച്ചത്. പുത്തൻകാവിലുള്ള സുറിയാനിക്കാർ അന്ന് ചെങ്ങന്നൂർ പള്ളിയിൽ ചേർന്നു നടന്നിരുന്നു. എന്നിരുന്നാലും ധാരാളം

സുറിയാനിക്കാർ ഇവിടെ തിങ്ങിപ്പാർത്തിരുന്നു. പഴയകാലത്ത് പുത്തൻകാവ് ഒരു വാണിജ്യകേന്ദ്രമായിരുന്നു. വിദേശത്തുനിന്നും കപ്പൽമാർഗ്ഗം കേരളത്തിലേക്ക് വന്നുചേർന്ന സാധനങ്ങൾ ആലപ്പുഴ തുറമുഖത്തായിരുന്നു ഇറക്കിയിരുന്നത്. അത് വള്ളംവഴി പമ്പാനദിയിൽക്കൂടി പുത്തൻകാവിൽ കൊണ്ടുവന്നാണ് മദ്ധ്യതിരുവിതാംകൂറിന്റെ പല ഭാഗത്തേക്കും കൊണ്ടുപോയിരുന്നത്. അതുപോലെ തന്നെ ഇവിടെനിന്നും ശേഖരിക്കുന്ന സാധനങ്ങളായ കുരുമുളക്, ഏലം, തേയില, കറുവാപ്പട്ട, കൊപ്രാ മുതലായവ പുത്തൻകാവിൽ കൊണ്ടുവന്ന് വള്ളംവഴി ആലപ്പുഴയിൽ കൊണ്ടുപോയി കപ്പൽമാർഗ്ഗം വിദേശരാജ്യങ്ങളിലേക്ക് അയച്ചിരുന്നതും ഇവിടെ നിന്നായിരുന്നു. അതിനാൽ പുത്തൻകാവ് ഒരു പ്രധാന വാണിജ്യകേന്ദ്രമായിത്തീർന്നു.

പുത്തൻകാവ് മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തി ആർജ്ജിച്ച പ്രദേശമായിരുന്നതിനാലും സുറിയാനിക്കാരുടെ വലിയ കേന്ദ്രമായിരുന്നതിനാലും അന്ത്രയോസ് ബാവാ പുത്തൻകാവിൽ വന്നു ചേർന്നു. അന്ന് ഇവിടെ പള്ളിയില്ലായിരുന്നതിനാൽ ചില വീടുകളിൽ അദ്ദേഹം താമസിച്ചിരുന്നു. ഇവിടെ പല അത്ഭുത പ്രവർത്തികളും അദ്ദേഹം ചെയ്തിരുന്നു. ഒരു ആത്മീയ പുരുഷൻ എന്ന നിലയിൽ അദ്ദേഹം കഴിഞ്ഞുകൂടി. നിങ്ങൾക്ക് അൽപ്പമെങ്കിലും വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് നീങ്ങുവാൻ പറഞ്ഞാൽ അത് സംഭവിക്കുമെന്ന് മശിഹാതമ്പുരാന്റെ തിരുവചനം അന്ത്രയോസ് ബാവായെ സംബന്ധിച്ച് ഫലവത്തായിരുന്നു. അത്രമാത്രം അതിശയ പ്രവർത്തനങ്ങളാണ് അന്ത്രയോസ് ബാവാ ഇവിടെ താമസിക്കുമ്പോഴും അദ്ദേഹം കാലം ചെയ്തതിനുശേഷവും ഇവിടെ സംഭവിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ എല്ലാ വർഷവും കുംഭമാസം 19-ന് ഈ പള്ളിയിൽ ആചരിച്ചുവരുന്നു. പുത്തൻകാവിൽ നിന്നും അദ്ദേഹം കല്ലടയ്ക്കു പോകുകയും അവിടെവച്ച് കൊല്ലവർഷം 867 കുംഭം 19 ന് (1692 മാർച്ച് 2 ന്) കാലം ചെയ്യുകയും ചെയ്തു. എല്ലാ വർഷവും കല്ലടപ്പള്ളിയിൽ അദ്ദേഹത്തിന്റെ ശ്രാദ്ധം നടത്തിപ്പോന്നു. അതിൽ പുത്തൻകാവിൽ നിന്നും ആളുകൾ പങ്കെടുത്തിരുന്നു. പുത്തൻകാവിൽ നിന്നും ആളുകൾ എത്തിയതിനുശേഷം മാത്രമേ പെരുന്നാളിന്റെ പ്രാരംഭ പ്രവർത്തനമായ തളികവെപ്പ് നടത്തിയിരുന്നുള്ളു. (തളികവെപ്പ് എന്നത് വെറ്റിലയും പാക്കും ഒരു തളികയിൽ വച്ച് സ്വീകരിക്കുക എന്നതാണ്). ഒരുവർഷം പുത്തൻകാവിൽ നിന്നും ആളുകൾ ചെന്നപ്പോഴേക്ക് തളികവെപ്പ് നടന്നിരുന്നു. അതിൽ കുപിതരായ പുത്തൻകാവിൽക്കാർ അദ്ദേഹത്തിന്റെ കബറിങ്കൽ നിന്നും ഒരുപിടി മണ്ണ് വാരി തോർത്തിൽക്കെട്ടി കൊണ്ടുപോന്നു. അത് പുത്തൻകാവ് തെരുവിൽ പമ്പാനദിയുടെ തീരത്ത് നിക്ഷേപിച്ച് ഒരു കുരിശും സ്ഥാപിച്ചു. ആ കരിങ്കൽ കുരിശിങ്കൽ വന്ന നേർച്ചകാഴ്ചകളാണ് പുത്തൻകാവ് പള്ളിയുടെ പണിക്കും പള്ളിയുടെ പേരിൽ ധാരാളം വസ്തുക്കൾ വാങ്ങുന്നതിനും സഹായകമായിട്ടുള്ളത്. അന്നു സ്ഥാപിച്ച കൽക്കുരിശാണ് ഇന്നത്തെ കുരിശുപള്ളിയുടെ ത്രോണോസിന് നടുക്ക് സ്ഥിതിചെയ്യുന്നത്.



വിശുദ്ധ അന്ത്രയോസ് ബാവായുടെ നാമധേയത്തിലുള്ള പുത്തൻകാവിലെ സെന്റ് ആൻഡ്രൂസ് കുരിശുപള്ളി

വിളിച്ചാൽ ഉടൻ വിളികേൾക്കുന്ന ഒരു പരിശുദ്ധനാണ് അന്ത്രയോസ് ബാവ. പള്ളിയിൽ എല്ലാ കൊല്ലവും പെരുന്നാളിനോടനുബന്ധിച്ച് വെച്ചൂട്ട് നടത്താറുണ്ട്. ആ മാസങ്ങളിൽ വെള്ളത്തിന് വളരെ ക്ഷാമമായിരിക്കും. 2004 മാർച്ചിലെ വെച്ചൂട്ടിന് അടുത്തുനിന്നെങ്ങും വെള്ളം കിട്ടാൻ പ്രയാസമായി. എന്നാൽ മരുഭൂമിയിൽ യിസ്രായേൽ ജനത്തിന് മോശ മുഖാന്തിരം പാറയിൽ നിന്നും വെള്ളം ലഭിച്ചതുപോലെ പള്ളിയുടെ പരിസരത്തുള്ള പാറ നിറഞ്ഞ കിണറ്റിൽ നിന്നും 2004 മാർച്ച് മാസം 1-ാം തീയതി ഒരു മണിയോടുകൂടി (വെച്ചൂട്ടിന്റെ തലേദിവസം) ദൈവം അന്ത്രയോസ് ബാവാ മുഖാന്തരം പത്തടിയോളം വെള്ളം ഉയർത്തിത്തന്നു. അതിൽപ്പിന്നെ എല്ലാവർഷവും വറ്റിയിരുന്ന കിണറ്റിൽ വെള്ളം വറ്റിയിട്ടില്ല. മോശ യിസ്രായേൽ ജനത്തെ കരുതിയിരുന്നതുപോലെ പരിശുദ്ധ അന്ത്രയോസ് ബാവാ പുത്തൻ കാവിലെ ജനത്തെയും കരുതുന്നുണ്ട്. അദ്ദേഹം നമ്മുടെ കാവൽ പിതാവാകുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം.

# പുത്തൻകാവ് പള്ളി നാടിന്റെ ഐശ്വര്യം

*മലയാള മനോരമ്മ വീക്കിലിയുടെ എഡിറ്ററും കേരള സാഹിത്യ അക്കാഡമി പ്രസിഡന്റുമായിരുന്ന സാഹിത്യ-സാംസ്കാരിക രംഗത്ത് തലയെടുപ്പോടെ നിന്ന ഇടവകാംഗമായ ഡോ. കെ. എം. തരകൻ പുത്തൻകാവ് പള്ളി ദ്വി ശതാബ്ദി ആഘോഷിച്ചപ്പോൾ എഴുതിയ ലേഖനം*



ഡോ. കെ. എം. തരകൻ

ആറാം മാർത്തോമ്മയും എട്ടാം മാർത്തോമ്മായും പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയും കബറടങ്ങിയിരിക്കുന്ന പുത്തൻകാവ് പള്ളി നാടിന്റെ എല്ലാ ഐശ്വര്യങ്ങൾക്കും ജനത കടപ്പെട്ടിരിക്കുന്ന ആത്മീയ പ്രകാശമാണ്. പള്ളി സ്ഥാപിക്കുന്നതിന് മുമ്പ് ശീമയിൽ നിന്നും കേരളത്തിലെത്തി ഏതാനും നാളുകൾ പുത്തൻകാവിൽ താമസിച്ച വിശുദ്ധ അന്ത്രയോസ് ബാവ പുത്തൻകാവിലെ ജനങ്ങൾക്ക് എന്നും ആദരണീയനാണ് വിശുദ്ധന്റെ ഓർമ്മപെരുന്നാൾ നൂറ്റാണ്ടുകളായി പുത്തൻകാവിലെ വിശ്വാസികൾ ഭക്തിപൂർവ്വം ആഘോഷിച്ചു വരുന്നു.

ആറാം മാർത്തോമ്മായുടെ ജീവിതകാലം സംഭവബഹുലമായിരുന്നു. ടിപ്പു സുൽത്താൻ മലബാറും കൊച്ചിയും ആക്രമിച്ചത് മലങ്കര സഭയെ അർക്കദിയോക്കന്മാർ ഭരിച്ചിരുന്നകാലത്താണ്. സുൽത്താന്റെ പീഡനം ഭയന്നു മലങ്കര നസ്രാണികൾ വടക്കു നിന്നും ഈ ഘട്ടത്തിൽ തെക്കോട്ടൊഴുകാൻ തുടങ്ങി. അങ്ങനെ തെക്കോട്ടു വന്ന ഒരു പറ്റം പുത്തൻകാവ് തെരുവിൽ വന്നു താമസമുറപ്പിച്ചു. അതിനുശേഷം പുത്തൻകാവ് സുശക്തമായ ഒരു ക്രൈസ്തവ കേന്ദ്രമായിത്തീർന്നു. പമ്പയുടെ തീരത്തുള്ള ഈ കൊച്ചുഗ്രാമം അന്നത്തെ ഒരു കച്ചവട കേന്ദ്രമായി വികസിച്ചു. ആദ്യകാലത്തു പുത്തൻകാവിലെ ക്രിസ്ത്യാനികൾ ചെങ്ങന്നൂർ സുറിയാനിപ്പള്ളിയിൽ ചെന്നാണു ദിവ്യ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നത്. ഈ ഘട്ടത്തിൽ കൂനൻ കുരിശു സത്യത്തെ തുടർന്നു പോർട്ടുഗീസ് ബന്ധം വിടർത്തിയ ക്രൈസ്തവ സമൂഹം ഭാവി പരിപാടികളെ പറ്റി ചിന്തിക്കുകയായി . ഒരു കൂട്ടർ പോർട്ടുഗീസ് ബന്ധം ഒഴിവാക്കി സുറിയാനി നിലനിർത്തി റോമൻ കത്തോലിക്കാ സഭയിലേക്കു പോയി. അതേ സമയം മർത്തോമ്മാ ഒന്നാമനും അനുയായികൾക്കും മർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യം നിലനിർത്തിയേ മതിയാവൂ എന്നു തോന്നി. കത്തോലിക്കാ സഭയിൽ ചേർക്കുന്നതിനു മാത്യുത്തരകൻ ആറാം മാർത്തോമ്മയുടെമേൽ അതികഠിനമായ സമ്മർദ്ദം ചെലുത്തി. ഈ ഘട്ടത്തിലാണ് ശീമയിൽ നിന്നും മാർഗ്രീഗോറിയോസ് ഇവിടെ എത്തിയതും ആറാം മാർത്തോമ്മയെ നിർബന്ധപൂർവ്വം മാർ ദീവന്നാസ്യോസായി അഭിഷേകം ചെയ്തതും. മാർ ദിവാന്നാസ്യോസ് ഒന്നാമൻ നിരണം ആസ്ഥാനമാക്കി സഭാഭരണം സമർത്ഥമായി നടത്തുകയും ചെയ്തു. പുരാതന ക്രൈസ്തവ കേന്ദ്രമായ നിരണത്തെക്കാൾ കൂടുതൽ ഭദ്രവും സുരക്ഷിതവുമാണ് ക്രിസ്ത്യാനികൾ മാത്രം താമസ്സിക്കുന്ന പുത്തൻകാവെന്ന് മാർ ദിവാന്നാസ്യോസ് ഒന്നാമതു അധികം കാലതാമസം കൂടാതെ ബോദ്ധ്യം വന്നു. സ്വന്തമായി ഒരു പള്ളി വേണമെന്ന പുത്തൻകാവുകാരുടെ ആഗ്രഹത്തെ അദ്ദേഹം മാനിക്കുകയും അതിനു വേണ്ട സർവ്വനടപടികളും സ്വീകരിക്കുകയും ചെയ്തു.

മുളന്തുരുത്തി സുന്നഹദോസ് നടക്കുന്നതു വരെ മലങ്കര സഭ മുഴുവൻ മലങ്കര മെത്രാന്റെ നേരിട്ടുള്ള ഭരണത്തിൽ കീഴിലായിരുന്നു. മുളന്തുരുത്തി സുന്നഹദോസ് ഭരണ സൗകര്യത്തിനായി സഭയെ പല ഭദ്രാസനങ്ങളായി തിരിച്ചു. തുമ്പമൺ ഭദ്രാസനാധിപനായി പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ വാത്സല്യാമൃതം പാനം ചെയ്യാൻ ഭാഗ്യം ലഭിച്ചുവെന്നത് പുത്തൻകാവ് പള്ളിക്കു സിദ്ധിച്ച വലിയ അനുഗ്രഹങ്ങളിലൊന്നാണ് പരുമല കൊച്ചുതിരുമേനിക്കുശേഷം തുമ്പമൺ ഭദ്രാസനത്തിനു ലഭിച്ച ഏറ്റവും പ്രഗത്ഭനായ മെത്രാ പ്പോലീത്ത പുത്തൻകാവിൽ ഗീവർഗ്ഗീസ് മാർ പീലക്സിനോസായിരുന്നു അദ്ദേഹവും കൊച്ചുതിരുമേനിയാണ് അറിയപ്പെട്ടിരുന്നത്. പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ഭരണകാലത്ത് തുമ്പമൺ ഭദ്രാസനം നാനാരംഗങ്ങളിൽ പുരോഗതി കൈവരിച്ചു. ഈ ഘട്ടത്തിൽ പ്രഗത്ഭ

രായ അനേകം വൈദികരും ട്രസ്റ്റിമാരും പുത്തൻകാവ് വലിയ പള്ളിക്കു ശക്തമായി നേതൃത്വം നൽകിയിട്ടുണ്ട്. പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഈ ഇടവക ജനങ്ങളുടെ മേൽ പ്രത്യേക വാത്സല്യം ചൊരിഞ്ഞിട്ടുണ്ട് .

പുത്തൻകാവ് കൊച്ചുതിരുമേനിയുടെ അകാലദേഹവിയോഗത്തിനു ശേഷം കുറേക്കാലം ഔഗേൻ മാർ തിമോത്തിയോസ് തുമ്പമൺ ഭദ്രാസനത്തെ നയിച്ചു. ദാനിയേൽ മാർ പീലക്സിനോസ് തുമ്പമൺ ഭദ്രാസനാധിപനായി ഇരിക്കുമ്പോഴാണ് മലങ്കരയിൽ ഒരു ഭദ്രാസന പുനർവിഭജനം നടന്നത് പുതിയ സംവിധാന പ്രകാരം ചെങ്ങന്നൂർ ഭദ്രാസനം നിലവിൽ വന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഇന്നത്തെ അധിപനായ തോമസ്സ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ചെങ്ങന്നൂർ ഭദ്രാസനം ചുരുങ്ങിയ കാലത്തിനുള്ളിൽ അഭിമാനാർഹമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കോർപറേറ്റു മാനേജ്മെന്റിന്റെ അധിപൻ എന്ന നിലയിലും മറ്റു പല നിലകളിലും തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അർപ്പിച്ചുകൊണ്ടിരിക്കുന്ന അമൂല്യസേവനങ്ങൾ മലങ്കര സഭയുടെ ഭാവിയെപ്പറ്റിയും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഉയർച്ചയെ സംബന്ധിച്ചും ജനങ്ങളിൽ ശുഭാപ്തി വിശ്വാസവും വളർത്തുന്നു.

> *പുത്തൻകാവ് ഒരു ചെറിയ ഗ്രാമമാണ് എങ്കിലും നമ്മുടെ കേരളത്തിനു ഒരു ഹൈക്കോടതി ജഡ്ജിയെയും ഒരു മന്ത്രിയെയും, ഒരു എം. എൽ. എ യേയും ഒരു അനുഗ്രഹീതകവിയെയും സാമൂഹിക സാംസ്കാരിക വ്യക്തികളെയും സംഭാവന ചെയ്യുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. മലങ്കര സഭയിലെ രണ്ടു മഹാപുരോഹിതന്മാരുടെ ജന്മഭൂമിയാണ് പുത്തൻകാവെന്നതും എടുത്തുപറയട്ടെ.*

പുത്തൻകാവ് ഒരു ചെറിയ ഗ്രാമമാണ് എങ്കിലും നമ്മുടെ കേരളത്തിനു ഒരു ഹൈക്കോടതി ജഡ്ജിയെയും ഒരു മന്ത്രിയെയും, ഒരു എം. എൽ. എയേയും ഒരു അനുഗ്രഹീതകവിയെയും സാമൂഹിക സാംസ്കാരിക വ്യക്തികളെയും സംഭാവന ചെയ്യുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. മലങ്കര സഭയിലെ രണ്ടു മഹാപുരോഹിതന്മാരുടെ ജന്മഭൂമിയാണ് പുത്തൻകാവെന്നതും എടുത്തുപറയട്ടെ.

1958 ഡിസംബർ 26-ാം തീയതി ഓർത്ത ഡോക്സ്-യാക്കോബായ വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ച് പരിശുദ്ധ കാതോലിക്കാ ബാവായും പരിശുദ്ധ പാത്രിയർക്കീസ് ബാവായും സംയുക്തമായി വിളിച്ച മലങ്കര ക്രിസ്ത്യാനി അസോസിയേഷൻ കൂടാനുള്ള വേദിയായി പുത്തൻകാവ് പള്ളിയെ തെരഞ്ഞെടുത്തത്. മലങ്കര സഭയ്ക്ക് പുത്തൻകാവിനോടുള്ള അചഞ്ചലമായ വിശ്വാസമാണ്.

പുരാതനകാലത്ത് ശബരിമല തീർത്ഥാടന കാലഘട്ടം പുത്തൻകാവിന്റെ മതസൗഹാർദ്ദം തെളിയിക്കുന്ന കാലഘട്ടമാണ്. കാൽനടയായി വരുന്ന അയ്യപ്പൻമാർ പുത്തൻകാവിലെ നസ്രാണി വീടുകളുടെ മുറ്റത്താണ് ഭക്ഷണം പാകം ചെയ്ത് രാത്രിയിൽ താമസിക്കുന്നത്. പുത്തൻകാവിലെ വായനശാല കെട്ടിടത്തിലും അയ്യപ്പൻമാർ താമസ്സിക്കും.

പള്ളിയിൽ ചെന്ന് ആരാധന നടത്തുന്നതു വിശ്വാസികളാൽ അവരുടെ പ്രാർത്ഥന വിശ്വാസികൾക്കെന്നപോലെ അത്ര വിശ്വാസമില്ലാത്തവർക്കും വേണ്ടിയുള്ളതാണ്. ഒരു ആരാധനാലയം ഒരു സമൂഹത്തിന്റേതാണ്, പക്ഷേ അതിന്റെ അനുഗ്രഹങ്ങൾ സർവ്വലോകത്തിനും ലഭിക്കുന്ന ദൈവത്തിന്റെ പ്രകാശഗോപുരമാണ്.


അത് പകരുന്ന ദീപ്തി സർവ്വജനത്തിനു വേണ്ടിയുള്ളതാണ്. ദൈവസ്നേഹം ജാതി മത ഭേദമെന്യേ സർവ്വലോകത്തെയും സമാശ്ലേഷിക്കുന്നു. നമ്മുടെ പൂർവ്വീകർ സാമ്പത്തിക പ്രയാസങ്ങളിലൂടെ കടന്നു പോയപ്പോൾ ദേവാലയത്തിൽ കണ്ണുനീരോടെ പ്രാർത്ഥനകൾ അർപ്പിച്ചപ്പോൾ പിൻ തലമുറയിൽ ഉണ്ടായ അനുഗ്രഹ ഐശ്വര്യങ്ങൾ ഇന്ന് നാം കാണുന്നു. അന്തരിച്ച നമ്മുടെ സർവ്വ പൂർവ്വീകരും നമ്മുടെ ആഘോഷങ്ങളിൽ പങ്കാളികളാണ് അവർ ക്രിസ്തുവിൽ പരിശുദ്ധാത്മാവിൽ വിശുദ്ധന്മാരോടുമൊപ്പം മാലാഖമാരോട് ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നു പരിശുദ്ധൻ നീ പരിശുദ്ധൻ നീ എന്ന് നമ്മുടെ ജീവിതം സാർത്ഥമാകുന്നത് ആ സങ്കീർത്തനത്തിൽ നാം സ്വയം ലയിക്കുമ്പോഴാണ്.

### മുൻ ഹൈക്കോടതി ജഡ്ജി കെ.കെ.ചാക്കോ (കിഴക്കേ പുത്തൻവീട്ടിൽ)



1879 ൽ പുത്തൻകാവിൽ ജനിച്ച കെ.കെ.ചാക്കോ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയത്ത് എം.ഡി.സെമിനാരിയിലും ഇന്റർമീഡിയറ്റ് സി.എം.എസ് കോളേജിലും പൂർത്തിയാക്കി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബി.എ ബിരുദം നേടി. ഇംഗ്ലണ്ട് മിഡിൽ ടേബിളിൽ നിന്ന് ബാരിസ്റ്റർ പരീക്ഷ പാസ്സായി. തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായി ദീർഘകാലം സേവനമനുഷ്ഠിച്ചു. പുത്തൻകാവ് മതിലകം മർത്തോമ്മ പള്ളി ഇടവകാംഗമായ കെ.കെ.ചാക്കോ 1962 ജനുവരി 17-ാം നിര്യാതനായി.

### മുൻമന്ത്രി. കെ.സി.ജോർജ്ജ്



ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള കെ.സി. ജോർജ്ജ് 1903 ജനുവരി 15 ന് പുത്തൻകാവിൽ ജനിച്ചു. ലക്നോയിൽ നിന്ന് എം.എ യും നിയമബിരുദവും നേടി. 1957 ലെ ഇ.എം.എസ് മന്ത്രിസഭയിലെ ഭക്ഷ്യവകുപ്പു മന്ത്രിയായി പ്രവർത്തിച്ചു. രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ട്. "എന്റെ ജീവിതയാത്ര" ആണ് ആത്മകഥ. 1986 ആഗസ്റ്റ് 11-ാം തീയതി അന്തരിച്ചു.

### മുൻ എം.എൽ.എ മാമ്മൻ ഐപ്പ്



പുത്തൻകാവ് നാലുഴത്തിൽ മാമ്മൻ ഐപ്പ് 1986 ൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.



# പുത്തൻകാവിന്റെ പരിമളം

ഫാ.ഡോ.മാത്യു കോശി
കിഴക്കേതലയ്ക്കൽ

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം എല്ലാ മത ചിന്തകളുടെയും തത്വശാസ്ത്രങ്ങളുടെയും ചർച്ചാ വിഷയമാണ്. ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ അവർ ജീവിക്കുന്ന സ്ഥലത്തിന്റെ പ്രകൃതിക്കും ആ പ്രകൃതിയെ രൂപപ്പെടുത്തുന്നതിൽ അവിടെ ജീവിക്കുന്ന സമൂഹത്തിനും സ്വാധീനമുണ്ടെന്ന് പറയാം. മനുഷ്യനെ വ്യക്തിഗതമായി കാണുന്നതിലുപരി സമൂഹമായി കാണുവാനാണ് അധികം ചിന്തകൻമാരും ഇഷ്ടപ്പെടുന്നത്. വ്യക്തിപരമായി മനുഷ്യനിലുള്ള പലതും അവന്റേതു മാത്രമാണെന്ന് അവകാശപ്പെടാമെങ്കിലും അവനിലെ ആത്മാംശങ്ങളിൽ ഭൂരിപക്ഷവും ജീവിത സാഹചര്യങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും നേടുന്നതാണ്. അങ്ങനെ നോക്കുമ്പോൾ ഒരു സ്ഥലത്ത് ജീവിക്കുന്ന ഒരു ജനതയുടെ സംസ്ക്കാരത്തിലും സ്വഭാവ ശൈലികളിലും പൊതുവായ ഒരു ഐക്യരൂപം പ്രകടമാണ്. ഓരോ സമൂഹത്തിനും സഹജമായ ചില സ്വഭാവ രീതികൾ തന്നെയുണ്ട് അവ ആ സമൂഹത്തെ വെളിപ്പെടുത്തുന്നു. അതേ സമയം കാലഘട്ടങ്ങൾക്കനുസരിച്ച് അവ വ്യത്യാസപ്പെട്ടിരിക്കുന്നു. ചില സ്ഥലത്തു നിവസിക്കുന്ന ആളുകൾ ആ സ്ഥലത്തിന്റെ ഭൂമി ശാസ്ത്രപരമായ സാഹചര്യങ്ങൾ മൂലം ധീരന്മാരും നിർഭയത്വമുള്ളവരുമായിത്തീരുന്നു.

പുരാതനവും ചരിത്ര പ്രധാനവുമായ പുത്തൻകാവ് എന്ന ഗ്രാമത്തെക്കുറിച്ചും മേൽ സൂചിപ്പിച്ച തത്ത്വം തികച്ചും പ്രസക്തമാണ്. ഭാരതത്തിന്റെ സാംസ്കാരികവും, മതപരവും,രാഷ്ട്രീയവുമായ വേദികളിൽ നിർണ്ണായകമായ മുഖ മുദ്ര നല്കിയ നാട്, കേരളത്തിലെ നസ്രാണിത്തെരുവുകളുടെ കൂട്ടത്തിൽ പ്രസിദ്ധമായ ഒരു തെരുവ്, ഭാരത ക്രൈസ്തവ സഭയ്ക്കു തന്നെ അഭിമാനിക്കത്തക്ക ചരിത്ര പ്രധാനമായ ദേവാലയം സ്ഥിതി ചെയ്യുന്ന നാട് ഇങ്ങനെ പോകുന്നു പുത്തൻകാവിന്റെ മഹിമകൾ. പുരാതന കാലത്ത് ഇതൊരു പ്രസിദ്ധ വ്യാപാര കേന്ദ്രമായിരുന്നു എന്ന് ചരിത്ര രേഖകൾ വ്യക്തമാക്കുന്നു. ഈ നാട് കേരളത്തിലെവിടെയും അറിയപ്പെടുന്നു. ഈ നാട്ടുകാരുടെ പൊതുവായ സവിശേഷതകളെപ്പറ്റിയും ഏവർക്കും അറിയാം. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ മൂലമാവാം പുത്തൻകാവിലെ ജനങ്ങൾ ഈശ്വര വിശ്വാസികളും കലാസ്നേഹികളും വിദ്യാപ്രേമികളുമായിത്തീർന്നത്. എങ്ങും ഉത്സാഹം വിതറികൊണ്ട് അനർഗ്ഗളമായി ഒഴുകുന്ന പമ്പയാവണം പുത്തൻകാവിലെ ജനങ്ങളിൽ കലാഭിരുചി വളർത്തിയത്. പലപ്പോഴും ഒരു മുന്നറിയിപ്പുമില്ലാതെ പെരുകുന്ന പുഴ ജനങ്ങളിൽ ഈശ്വര വിശ്വാസവും വളർത്തി. വിശ്വാസികളായ നസ്രാണികൾ പുത്തൻകാവിൽ വന്ന അന്ത്രയോസ് ബാവായെ ഭക്തിപൂർവ്വം സ്വീകരിച്ചു. അചിരേണ പുത്തൻകാവിൽ ഒരു പള്ളിയുമുണ്ടാക്കി.

ഏതൊരു സ്ഥലത്തേയും ദേവാലയങ്ങളിലേയും ക്ഷേത്രങ്ങളിലേയും ആരാധനകളും പെരുന്നാളുകളും ഉത്സവങ്ങളും അവിടുത്തെ ആത്മീയാചാര്യന്മാരുടെ ഉപദേശങ്ങളും അവിടെയുള്ള സമൂഹത്തെ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്. പുത്തൻകാവിനെ സംബന്ധിച്ചിടത്തോളം യഹൂദന്മാർക്ക് യെരുശേലം ദേവാലയം പോലെ പവിത്രമാണ് പുത്തൻകാവ് വലിയ പള്ളി. സ്വാഭാവികമായും ദേവാലയത്തെ കേന്ദ്രമാക്കി ഒരു നൂതന സംസ്കാരം ഇവിടെ വളർന്നു വന്നു. പുരാതന കാലത്തുതന്നെ കേരളത്തിലെ പ്രമുഖ ക്രൈസ്തവ കേന്ദ്രമായിരുന്നു പുത്തൻകാവ്. കുന്നംകുളം, കുറവിലങ്ങാട്, നിലയ്ക്കൽ, കടമ്പനാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും നസ്രാണികൾ ഇവിടെ കുടിയേറി പാർത്തു എന്നാണ് വിശ്വാസം. അങ്ങനെ ഒരേ മത വിശ്വാസവും ജീവിത ശൈലിയും അനുവർത്തിക്കുന്ന ഒരു സമൂഹം ഇവിടെ വളർന്നു വന്നു. ഇതുകൊണ്ടാവാം ശീമയിൽനിന്നും വന്ന അന്ത്രയോസ് ബാവ കേരളത്തിലെത്തിയപ്പോൾ പുത്തൻകാവിൽ വന്നു താമസിക്കുവാനിടയായത്.

പിൽക്കാലത്ത് കേരള ക്രൈസ്തവരുടെ അനിഷേധ്യ നേതാവും മഹാപ്രഭാവശാലിയുമായ ആറാം മാർത്തോമ്മ (വലിയ മാർ ദിവാന്നാസ്യോസ്) പുത്തൻകാവിലെത്തി ഇവിടെ താമസിച്ച് ഇന്നു കാണുന്ന അതിമനോഹരമായ ദേവാലയം പണികഴിപ്പിച്ചു. അതിനുശേഷവും സഭയുടെ സാരഥികളായ പല ആത്മീയ പിതാക്കൻമാരും സുരക്ഷിതമായി ജീവിക്കുന്നതിനും സഭയ്ക്ക് അജപാലനം ചെയ്യുന്നതിനും ഇവിടം തിരഞ്ഞെടുത്തതായി കാണാം. ഇതിന്റെ ഫലമായി അതിനുശേഷവും വിശിഷ്ടമായ ഒരു ആദ്ധ്യാത്മിക പാരമ്പര്യം ഈ നാട്ടിലുയർന്നു വന്നു.

അതിന്റെ സ്വാധീന ശക്തിയിൽപ്പെട്ട് ഈ മണ്ണിൽ നിന്നു തന്നെ അതിപ്രഗൽഭരായ ആത്മീയാചാര്യന്മാർ ഉദയം ചെയ്തു. കാലം ചെയ്ത ഗീവർഗീസ് മാർ പീലക്സിനോസ് ഈ രംഗത്ത് ഭാഗ്യസ്മരണാർഹനാണ്. കൂടാതെ നിരവധി പ്രഗൽഭ വൈദീകരും ആത്മീയ നേതാക്കളും ഈ നാട്ടിൽ നിന്നുമുണ്ടായി. പ്രശസ്ത സംഘാടകനും വിദ്യാഭ്യാസ പ്രവർത്തകനുമായ തോമസ് മാർ അത്താനിയോസ് മെത്രാപ്പോലീത്ത ഈ കാലഘട്ടത്തിലെ നാടിന്റെ അഭിമാന സ്തംഭമാണ്.
സാംസ്കാരിക സാഹിത്യ മണ്ഡലങ്ങളിലേക്കു കടന്നു ചെന്നാൽ ഈ



നാട്ടിൽ ജനിച്ച അനേകം മഹാനേതാക്കളെ നമുക്കു കണ്ടെത്താം പുത്തൻകാവിന്റെ സവിശേഷതകൾ തങ്ങളുടെ വളർച്ചയ്ക്ക് മുഖ്യകാരണമായിത്തീർന്നിട്ടുണ്ടെന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇവരെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് പമ്പാ നദി തന്നെയാണ് കേരളത്തിലെ പൗരാണികവും സുപ്രധാനങ്ങളുമായ ആദ്ധ്യാത്മിക കേന്ദ്രങ്ങൾ പലതും പമ്പാതീരത്താണ് സ്ഥിതിചെയ്യുന്നത്. ശബരിമലയും പരുമലയും ചെറുകോൽപ്പുഴയും മാരാമണ്ണും എല്ലാം പമ്പാതീരത്താണ്. ആദ്ധ്യാത്മീക കേന്ദ്രങ്ങളെപ്പോലെ പമ്പയുടെ തീരപ്രദേശങ്ങളിലാണ് കേരളത്തിലെ പല കവികളും സാഹിത്യകാരന്മാരും ജന്മം കൊണ്ടത്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ സമൂഹത്തിന്റെ ജീവിതധാരയിൽ ഏറെ സ്വാധീനം ചെലുത്തുന്നുണ്ടെന്നുള്ളതിനാണ് നിരവധി ഉദാഹരണങ്ങൾ കാണാം. പഞ്ചാബികൾ പൊതുവേ ധീരന്മാരും നിർഭയത്വമുള്ളവരുമായി അറിയപ്പെടുന്നു. ഇതിനു കാരണം അവരുടെ ജീവിത സാഹചര്യങ്ങളാണെന്നുള്ളത് സുവ്യക്തമാണ്. പമ്പാ നദിയിൽ കേൾവികേട്ട അപകടസ്ഥാനമാണ് പുത്തൻകാവിലെ അത്തിമൂട് ഇവിടെയുള്ള നീന്തലും മുങ്ങലും ഒക്കെ ഈ നാട്ടുകാരെ ശക്തരും ആത്മവീര്യമുള്ളവരുമാക്കി മാറ്റിയിട്ടുണ്ട്. ഒരു പക്ഷേ ഇതാവാം കേരളത്തിന്റെ രാഷ്ട്രീയവും കായികവുമായ വേദികളിലേയ്ക്ക് ധീര നേതാക്കളെ ഇവിടെ നിന്നും സൃഷ്ടിക്കുവാൻ കാരണം. സ്വാതന്ത്ര്യസമര പ്രക്ഷോഭണങ്ങളിൽ പുത്തൻകാവിൽ നിന്നും നിരവധി വ്യക്തികൾ മുന്നിട്ടിറങ്ങുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കേരളത്തിന്റെ കായിക ലോകത്തിനും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പുത്തൻകാവിനു കഴിഞ്ഞിട്ടുണ്ട്. ഈ നാട്ടുകാരിൽ പലരും അറിയപ്പെടുന്ന കായിക താരങ്ങളായിരുന്നു. ചുരുക്കത്തിൽ ജീവിതത്തിന്റെ നാനാ മുഖങ്ങളിലും പ്രശോഭിക്കുവാൻ ഈ നാട്ടുകാർക്കു കഴിഞ്ഞു. വലിയ കലാകാരന്മാരും സംഗീതവിദഗ്ദ്ധരും ഉണ്ടായിരുന്നു. ദേവാലയത്തിലെ പ്രാർത്ഥനാ മന്ത്രങ്ങളും പമ്പാ നദിയുടെ ശാന്തമാർന്ന മധുര സംഗീതവും , വള്ളപ്പാട്ടുകളുടെ താളലയങ്ങളും കേട്ടുണരുന്ന കൊച്ചു ഗ്രാമം. ശ്രേഷ്ഠരായ അനേകം മഹാത്മാക്കൾ ഈ മണ്ണിൽ ജനിച്ച് ഈ സമൂഹത്തിൽ കൂടി വളർന്നിട്ടുണ്ട്. തലമുറകളിൽകൂടി കൈമാറിവന്ന സാംസ്കാരിക മഹിമയും ആത്മീയ ബോധവും കലാവൈഭവും നമുക്കു സ്വന്തമായുണ്ട് . പ്രകൃതി കനിഞ്ഞരുളിയ ധീരതയും മനഃശക്തിയും സൗന്ദര്യബോധവും നമുക്കു പൈതൃകമാണ്. പക്ഷേ ഭൂതകാലത്തിന്റെ സമ്പന്നതകളെക്കുറിച്ച് വീമ്പടിച്ചിരിക്കുവാനല്ല, ഇന്നലകൾ നമുക്ക് സമ്മാനിച്ചവയെ പ്രദീപ്തമാക്കി ഭാവിയുടെ നൂതന സ്വപ്നങ്ങൾ നാം നെയ്ത് എടുക്കണം. നാടിന്റെ യശസ്സും ശ്രേഷ്ഠതയും നില നിർത്തുവാൻ നാം പ്രതിജ്ഞാബന്ധരാണ്. ഭാരതത്തിന്റെ വൈവിധ്യമാർന്ന മണ്ഡലങ്ങളിലേക്ക് ഇനിയും കൂടുതൽ ശ്രേഷ്ഠ വ്യക്തികൾ ഈ നാട്ടിൽ നിന്നുണ്ടാകണം. പ്രകൃതിദത്തമായും ഈശ്വരകടാക്ഷത്താലും നമുക്കു ലഭ്യമായ വിഭവശേഷി നാം സമ്പുഷ്ടമാക്കണം. നമ്മുടെ സ്വപ്നം നാളകളുടെ സുന്ദര പ്രഭാതമായിരിക്കട്ടെ.

*പിൽക്കാലത്ത് കേരള ക്രൈസ്തവരുടെ അനിഷേധ്യ നേതാവും മഹാപ്രഭാവശാലിയുമായ ആറാം മാർത്തോമ്മ (വലിയ മാർ ദിവാന്നാസ്യോസ്) പുത്തൻകാവിലെത്തി ഇവിടെ താമസിച്ച് ഇന്നു കാണുന്ന അതിമനോഹരമായ ദേവാലയം പണികഴിപ്പിച്ചു. അതിനുശേഷവും സഭയുടെ സാരഥികളായ പല ആത്മീയ പിതാക്കൻമാരും സുരക്ഷിതമായി ജീവിക്കുന്നതിനും സഭയ്ക്ക് അജപാലനം ചെയ്യുന്നതിനും ഇവിടം തിരഞ്ഞെടുത്തതായി കാണാം.*



## പുത്തൻകാവ് ഇടവകയിൽ നിന്നുള്ള വൈദീക വിദ്യാർത്ഥികൾ



നിഖിൽ അലക്സ് തരകൻ
(കോട്ടയം പഴയസെമിനാരിയിൽ
4-ാം വർഷ വൈദികവിദ്യാർത്ഥി)
അവിരാതരകൻ പീടികയിൽ പുത്തൻകാവ്



അലിൻ ജോസഫ് അലക്സ്
(നാഗപ്പൂർ തിയോളജിക്കൽ സെമിനാരിയിൽ
3-ാം വർഷ വൈദികവിദ്യാർത്ഥി)
തോട്ടുംകര ഹൗസ്, പുത്തൻകാവ്



ജിബു ജോർജ്ജ്
(നാഗപ്പൂർ തിയോളജിക്കൽ സെമിനാരിയിൽ
1-ാം വർഷ വൈദികവിദ്യാർത്ഥി)
അയന്തികരോട്ട്, പിരളശ്ശേരി)

**പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹത്തിനും മദ്ധ്യസ്ഥതയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്ന ഭക്തജനങ്ങളുടെ ഉദാരമായ സംഭാവനകളാണ് ഒരു പരസ്യം പോലും സ്വീകരിക്കാതെ *"കാതോലിക്കേറ്റ് രത്നദീപം"* സുവനീർ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹം ഇവർക്ക് ഉണ്ടാകുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ നാമത്തിൽ സുവനീർ കമ്മറ്റി നന്ദി രേഖപ്പെടുത്തുന്നു.**

| | | |
|---|---|---|
| വെരി. റവ. ഡോ. പി.എസ്. ശാമുവേൽ<br>കോർ - എപ്പിസ്കോപ്പാ മെഴുവേലി (ന്യൂയോർക്ക്) | - | 25000.00 |
| ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ്<br>അൽമായ ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സഭ | - | 25000.00 |
| ശ്രീ. കോശി ശമുവേൽ, ചെയർമാൻ<br>വെൺസെക്ക്, വെൺമണി | - | 25000.00 |
| ശ്രീ. ജേക്കബ് മാത്യു (ജോജോ)<br>സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ | - | 20000.00 |
| ശ്രീ. ഷാജി വർഗീസ്, തട്ടയിൽ ബംഗ്ലാവ്, പുത്തൻകാവ് | - | 20000.00 |
| ഡോ. ഇടിക്കുള ജോർജ്, ആലുംമൂട്ടിൽ<br>പുത്തൻകാവ് (യു.എസ്.എ) | - | 12056.00 |
| ശ്രീ. സുനിൽ ഏബ്രഹാം അലക്സ്, (സൗദി അറേബ്യ)<br>തടയുഴത്തിൽ, അങ്ങാടിക്കൽ | - | 12000.00 |
| ശ്രീ. ജേക്കബ് മാത്യു, എക്സിക്യൂട്ടീവ്<br>എഡിറ്റർ, മലയാളമനോരമ | - | 10000.00 |
| ശ്രീ. സോമൻ ബേബി, ചീഫ് എഡിറ്റർ<br>"The Daily Tribune" ബഹ്റൈൻ | - | 10000.00 |
| ജസ്റ്റീസ് ജെ.ബി കോശി, ചെയർമാൻ<br>മനുഷ്യവകാശ കമ്മീഷൻ, കേരളം | - | 10000.00 |
| ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ. | - | 10000.00 |
| ശ്രീമതി വത്സമ്മ ഏബ്രഹാം മാംകുന്നേൽ, ചെയർപേഴ്സൺ<br>ചെങ്ങന്നൂർ മുൻസിപ്പാലിറ്റി | - | 10000.00 |
| ശ്രീ.ഉമ്മൻ ഐപ്പ് (സജി, ഷാർജ, തെക്കേടത്ത്<br>അജിവില്ല, പിരളശ്ശേരി) | - | 10000.00 |
| ശ്രീ. തോമസ് ജോൺ (ജോണി), ചെയർമാൻ<br>മുത്തൂറ്റ് ഫിൻകോർപ്പ് (പാപ്പച്ചൻ ഗ്രൂപ്പ്) | - | 10000.00 |
| ശ്രീ. ബേബി തങ്കച്ചൻ, തനിമഗ്രൂപ്പ, റാസൽഖൈമ | - | 10000.00 |
| ശ്രീ. കെ.ജി. തോമസ് (ബാബു), കരിക്കിനേത്ത്<br>കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് മഹായിടവകാംഗം<br>കരിക്കിനേത്ത് സിൽക്ക് വില്ലേജിയോ, കോട്ടയം | - | 10000.00 |



| | | |
|---|---|---|
| ശ്രീ. ജേക്കബ് മാത്യു (Boobilie)<br>ചാക്കോ & സൺസ് മാവേലിക്കര | – | 10000.00 |
| ശ്രീ. അനിവർഗീസ്, മിത്രം, മാവേലിക്കര | – | 10000.00 |
| ശ്രീ. ജിജു കോരുത്, കിഴക്കേ അരയാലുംമൂട്ടിൽ<br>പുത്തൻകാവ് | – | 10000.00 |
| ശ്രീ. സണ്ണി പുഞ്ചമണ്ണിൽ<br>സഭാ മുൻമാനേജിംഗ് കമ്മറ്റി മെമ്പർ | – | 10000.00 |
| ശ്രീ. ഏബ്രഹാം തോമസ് (അനി)<br>അയിരുക്കുഴിയിൽ, പുത്തൻകാവ് | – | 10000.00 |
| ശ്രീ. ഉമ്മൻ വർഗീസ് (ജയിംസ്)<br>പന്തളത്തുപീടികയിൽ, പുത്തൻകാവ് | – | 10000.00 |
| ശ്രീ. ജോസ് ഉമ്മൻ (റ്റിറ്റി)<br>പന്തളത്തുപീടികയിൽ, പിരളശ്ശേരി | – | 10000.00 |
| ശ്രീ. ഹാർഡി കോശി, തട്ടയിൽ ബംഗ്ലാവ്<br>പിരളശ്ശേരി | – | 10000.00 |
| ഫാ. മാത്യു കോശി കിഴക്കേതലയ്ക്കൽ<br>പിരളശ്ശേരി (യു.എസ്.എ) | – | 10000.00 |
| ശ്രീ. എ.വി. വർഗീസ് (ജോയി)<br>അരയാലുംമൂട്ടിൽ ജോയിവില്ല, അങ്ങാടിക്കൽ | – | 10000.00 |
| ഫാ. വിനോദ് ജോർജ് (ആസ്ട്രേലിയ)<br>മാലേത്ത് ആറാട്ടുപുഴ | – | 10000.00 |
| ശ്രീ. ജേക്കബ് സ്കറിയ (സണ്ണി)<br>പീടികപറമ്പിൽ, പുത്തൻകാവ് | – | 10000.00 |
| ശ്രീ. ലെനി നൈനാൻ ഏബ്രഹാം<br>പൈനുംമൂട്ടിൽ, അങ്ങാടിക്കൽ, പുത്തൻകാവ് | – | 10000.00 |
| അഡ്വ. എ.വി. മാത്യു, പ്രസിഡന്റ്<br>മാർപീലക്സിനോസ് ഫ്രണ്ട്സ് അസ്സോസിയേഷൻ (UAE) | – | 10000.00 |
| ശ്രീ. കെ. തോമസ് ജോസഫ് (സുമിത്ത്)<br>കിഴക്കേതലയ്ക്കൽ, പിരളശ്ശേരി | – | 10000.00 |
| ശ്രീ. തോമസ് ഫിലിപ്പ് (ടോംസി)<br>കിഴക്കേതലയ്ക്കൽ പുത്തൻകാവ് | – | 10000.00 |
| ശ്രീമതി സിബി അലക്സാണ്ടർ<br>മണ്ണിൽ പീടികയിൽ, പുത്തൻകാവ് | – | 10000.00 |
| ശ്രീ.എബി.കെ.തോമസ് (യു.എസ്.എ)<br>കല്ലോടിക്കുഴിയിൽ, ഇടനാട് | – | 10000.00 |

| | | |
|---|---|---|
| ശ്രീ. വർഗീസ് വർഗീസ് (പൊന്നച്ചൻ)<br>മണ്ണിൽപീടികയിൽ, പുത്തൻകാവ് | - | 10000.00 |
| ശ്രീ. തോമസ് വർഗീസ് (ജോയി)<br>കുന്നേൽ വലിയവീട്, പുത്തൻകാവ് | - | 10000.00 |
| ശ്രീ. ബിനു തോമസ്, ചക്കാലയിൽ<br>പുത്തൻകാവ് | - | 10000.00 |
| ശ്രീ. ബിജു മാത്യു, ചക്കാലയിൽ, പുത്തൻകാവ് | - | 10000.00 |
| ശ്രീ. ജോജി കെ. വർഗീസ്<br>കാർത്തികപള്ളി പീടികയിൽ, പുത്തൻകാവ് | - | 10000.00 |
| ശ്രീ. ഉമ്മൻ ജോർജ് (മോനി)<br>മണ്ണിൽ ഹൗസ്, പുത്തൻകാവ് | - | 10000.00 |
| ശ്രീ. പി.സി. ഉമ്മൻ (സണ്ണി)<br>മണ്ണിൽ, പിരളശ്ശേരി | - | 10000.00 |
| ശ്രീ. മാത്യു ചെറിയാൻ (മോനി)<br>മണ്ണിൽമാലേത്ത്, തിരുവനന്തപുരം | - | 10000.00 |
| ശ്രീ. പി.റ്റി. തോമസ് (അച്ചൻകുഞ്ഞ്)<br>അഭിലാഷ്, റ്റി. സി. 11/1413(1)<br>ക്ലിഫ് ഹൗസ് റോഡ്, നന്തൻകോട്, കവടിയാർ | - | 10000.00 |
| ശ്രീ. എം.എം. വർഗീസ് (തമ്പാൻ)<br>മലയിൽ റോസ് മേരി, പിരളശ്ശേരി | - | 10000.00 |
| ശ്രീ. ജോൺ തോമസ് (അനിയൻ)<br>ചാരുനിൽക്കുന്നതിൽ, പിരളശ്ശേരി | - | 10000.00 |
| ശ്രീ. ജോസ് മാത്യു (മോനച്ചൻ)<br>മാംകുന്നേൽ മലയിൽ, പുത്തൻകാവ് (യു.എസ്.എ.) | - | 10000.00 |
| ശ്രീ. സുധിഷ് വലിയവീടൻസ്<br>അർച്ചന സിൽക്ക്, ചെങ്ങന്നൂർ | - | 10000.00 |
| ശ്രീ. തോമസ് ജോസഫ് (തമ്പി)<br>ചാരുനിൽക്കുന്നതിൽ, പിരളശ്ശേരി | - | 10000.00 |
| ശ്രീ. ജേക്കബ് മാത്യു (ജോജി), പുത്തൻപുരയ്ക്കൽ<br>പുത്തൻകാവ് | - | 10000.00 |
| ശ്രീമതി ബേബി സണ്ണി (യു.എസ്.എ)<br>അവിരാതരകൻ പീടികയിൽ, പുത്തൻകാവ് | - | 10000.00 |
| ശ്രീ. ഈപ്പൻ തരകൻ (മോനച്ചൻ)<br>അവിരാതരകൻ പീടികയിൽ<br>ആറാട്ടുപുഴ | - | 10000.00 |

| | | |
|---|---|---|
| ശ്രീ. ടൈറ്റസ് മാത്യു, ചക്കാലയിൽ, പുത്തൻകാവ് | - | 7500.00 |
| ശ്രീ. വർഗീസ് തോമസ്, തട്ടയിൽ, പുത്തൻകാവ് (യു.എസ്.എ.) | - | 6043.00 |
| ശ്രീ. കെ.കെ.ജോർജ്ജ് (കിം)<br>കണ്ടത്തിൽ കിഴക്കേപുത്തൻവീട്,പുത്തൻകാവ് | - | 5000.00 |
| ശ്രീ. ജേക്കബ് തോമസ്, അരികുപുറം<br>സഭാ മുൻ മാനേജിംഗ് കമ്മറ്റി അംഗം | - | 5000.00 |
| ശ്രീ.റെജി ജോർജ്ജ്, മൊട്ടയ്ക്കൽ, പുത്തൻകാവ് | - | 5000.00 |
| ഗ്രീൻ പ്ലാനറ്റ് പ്രോപ്പർട്ടീസ്<br>ചെങ്ങന്നൂർ, ഫോൺ : 8606477555 | - | 5000.00 |
| ശ്രീ. ഷാജി നോറിയ, നോറിയ ഡെക്കറേഷൻസ്<br>പുത്തൻകാവ്, ചെങ്ങന്നൂർ, ഫോൺ : 9847355934 | - | 5000.00 |
| ശ്രീ. തോമസ് ചെറിയാൻ (ജോർജി)<br>നല്ലൂർമലയിൽ, ബോബി ഭവൻ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. ബിബിൻ ജോർജ് ജോസഫ്, സ്പീഡ് ഫർണിച്ചർ,<br>മലയിൽ അയിരുക്കുഴിയിൽ, ഫോൺ : 9747900999 | - | 5000.00 |
| ശ്രീ. ബാബു അലക്സാണ്ടർ<br>അവിരാതരകൻ പീടികയിൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. റ്റി. എസ്. സ്ക്കറിയ, തുമ്പമൺപീടികയിൽ ബിനുവില്ല<br>പിരളശ്ശേരി (പുത്തൻകാവിൽ കൊച്ചുതിരുമേനി മെത്രാപ്പോലീത്തൻ<br>ഹൈസ്കൂൾ രജിസ്റ്ററിൽ എഴുതിയ ആദ്യ പേരുകാരൻ) | - | 5000.00 |
| ശ്രീ. കോശി സി. ശമുവേൽ (ബാബു)<br>ചെൻതിട്ടയിൽ പിരളശ്ശേരി | - | 5000.00 |
| ശ്രീ. ഏബ്രഹാം മാത്യു വീരപള്ളി<br>സഭാ മുൻ മാനേജിംഗ് കമ്മറ്റി മെമ്പർ | - | 5000.00 |
| ശ്രീ. സി.സി. ചെറിയാൻ<br>സഭാ മുൻ മാനേജിംഗ് കമ്മറ്റി മെമ്പർ | - | 5000.00 |
| ശ്രീ. സജി പട്ടരുമഠം<br>സഭാമാനേജിംഗ് കമ്മറ്റി മെമ്പർ | - | 5000.00 |
| ശ്രീ. ബിജി ബേബി<br>ഉഴത്തിൽ ചെങ്ങന്നൂർ | - | 5000.00 |
| ശ്രീ. വർഗീസ് തോമസ് (രാജൻ)<br>മലയിൽ അയിരുക്കുഴിയിൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. സജി തോടിയാട്ട്, മുളക്കുഴ | - | 5000.00 |
| ഫാ. മത്തായി കുന്നിൽ<br>മുൻ വികാരി, സെന്റ് മേരീസ് കത്തീഡ്രൽ, പുത്തൻകാവ് | - | 5000.00 |



| | | |
|---|---|---|
| ശ്രീ. ബിജു മാത്യു (സഭാ മാനേജിംങ് കമ്മറ്റിയംഗം) | - | 5000.00 |
| ശ്രീ. അലൻ ജോർജ് കോശി<br>കുന്നുംപുറത്ത്, പുത്തൻകാവ് | - | 5000.00 |
| വെരി. റവ. റ്റി.എം. സക്കറിയ കോർ എപ്പിസ്കോപ്പാ<br>തയ്യിൽ, ഇടനാട് | - | 5000.00 |
| വെരി. റവ. സി.എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പാ<br>ചക്കാലയിൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. സ്റ്റീഫൻ ഐപ്പ്, പീടികപറമ്പിൽ<br>സിനോജ് ഭവൻ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. ജേക്കബ് (ജിജി) കടവിൽ പിരളശ്ശേരി | - | 5000.00 |
| ശ്രീ. കെ.സി. പോത്തൻ,കൊച്ചുകിഴക്കേതിൽ, മുളക്കുഴ | - | 5000.00 |
| ഡോ. പി.വി. കോശി (പാപ്പച്ചൻ)<br>പൂപള്ളിയിൽ, ആറാട്ടുപുഴ | - | 5000.00 |
| ശ്രീ. ബസ്സൻ കെ. ചെറിയാൻ<br>കടവിൽ പുത്തൻപുരയ്ക്കൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. മോൻസി കെ. മാത്യു<br>കൊച്ചേഴിയ്ക്കകത്ത്, അങ്ങാടിക്കൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. സുമേഷ് മാമ്മൻ കോശി<br>ഇടനാട്ടുപീടികയിൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. ജോർജി മാത്യു<br>പുത്തൻപുരയ്ക്കൽ, പുത്തൻകാവ് | - | 5000.00 |
| ശ്രീ. വർഗീസ് ഏബ്രഹാം (സാജു)<br>വഴിയമ്പലത്തിൽ, പുത്തൻകാവ് | - | 5000.00 |
| ഒരു അഭ്യുദയകാംക്ഷി, അങ്ങാടിക്കൽ (യു.എസ്.എ) | - | 5000.00 |
| ശ്രീ. റോയി തരകൻ<br>മാളിയേക്കൽ, പിരളശ്ശേരി | - | 5000.00 |
| ഫ്രണ്ട്സ് ഓഫ് പുത്തൻകാവ്, കുവൈറ്റ് | - | 5000.00 |
| ശ്രീ. ജിബു.കെ.സി<br>കല്ലോടിക്കുഴിയിൽ, ഇടനാട് | - | 5000.00 |
| ശ്രീ.സാജു മാത്യു, മലയിൽ മേലത്തേതിൽ, നീർവിളാകം | - | 5000.00 |
| ശ്രീ.ഏബ്രഹാം ജോർജ്ജ് (അച്ചൻകുഞ്ഞ്), അരയ്ക്കനാട്ടിൽ, പിരളശ്ശേരി- | | 5000.00 |
| ആകെ തുക | - | 7,72,599.00 |